**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1120** **18-09-2025 - ൽ മറുപടിയ്ക്ക്**

**തൃക്കുന്നപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പഴയ പാലം പൊളിച്ച് പുനർനിർമ്മിക്കുന്ന പ്രവർത്തിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | കൊല്ലം - കോഴിക്കോട് ദേശീയ ജലപാത (NW -3) യിൽ സ്ഥിതി ചെയ്യുന്ന തൃക്കുന്നപ്പുഴ ലോക്കും പാലവും ദേശീയജലപാത മാനദണ്ഡങ്ങൾക്കനുസരിച്ച് പുതുക്കി പണിയുന്ന പ്രവൃത്തിയാണ് നിലവിൽ നടക്കുന്നത്. അതിൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലോക്ക് ഭിത്തികളുടെ നിർമ്മാണം 80% പൂർത്തിയായി. 250 മീറ്ററോളം നീളം വരുന്ന അപ്രോച്ച് റോഡിന്റെ നിർമ്മാണമാണ് ഇനി അവശേഷിക്കുന്നത്. |
| (ബി) | ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ആദ്യം നിശ്ചയിച്ചിരുന്ന സമയപരിധി എന്നായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | **01.08.2018 ൽ കരാറുടമ്പടി വച്ചിട്ടുള്ള പ്രവൃത്തിക്കായി ആദ്യം അനുവദിച്ച കാലാവധി 10.08.2018 മുതൽ 01.02.2020 വരെ 540 ദിവസമായിരുന്നു.** |
| (സി) | നിശ്ചിത സമയപരിധിക്കുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കാത്തിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിൽ ആരുടെ ഭാഗത്ത് നിന്നാണ് വീഴ്ച്ച സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രവൃത്തി പൂർത്തീകരണം വൈകാനുണ്ടായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2018 ഓഗസ്റ്റ് മാസത്തിലെ മഹാപ്രളയവും മണ്ണൊലിപ്പിനെയും തുടർന്ന് ജലനിരപ്പ് ഗണ്യമായി ഉയർന്നതിനാൽ കോൺക്രീറ്റ് ബണ്ട് നിർമ്മിക്കേണ്ടി വന്നു.<br><br>വില്ലേജ് ഓഫീസ്, വോളിബോൾ കോർട്ട് എന്നിവ മാറ്റുന്നതിനും മരങ്ങൾ മുറിച്ച് മാറ്റുന്നതിനുമുണ്ടായ കാലതാമസം.<br><br>കോവിഡ് 19 മഹാമാരി<br><br>ടെർമിനൽഭാഗത്ത് ജങ്കാർ ജെട്ടി, പ്ലാറ്റ്ഫോം എന്നിവയുടെ നിർമ്മാണം.<br><br>തെക്കുഭാഗത്ത് കോഫർഡാം, വടക്ക് ഭാഗത്ത് റിംഗ് ബണ്ട് നിർമ്മാണം.<br><br>മണ്ണിന്റെ ദുർബലമായ ഘടന മൂലം U ടൈപ്പ് ഷീറ്റ് പൈലുകൾ ഉപയോഗിച്ച് ഷോറിംങ് അധികമായി |

| | | | |
|---|---|---|---|
| | | | നടപ്പാക്കേണ്ടി വന്നത്.<br><br>ജങ്കാർ / ഫെറി സർവീസിന്റെ ലഭ്യത കുറവ്<br><br>തെക്കു പടിഞ്ഞാറൻ മൺസൂൺ സമയത്ത് കൊച്ചി തുറമുഖം വഴി ജങ്കാർ എത്തുന്നതിനുള്ള നിയന്ത്രണം<br><br>ഇരുചക്ര വാഹനങ്ങളുടെ ഗതാഗതത്തിനായി ഉള്ള താൽക്കാലിക സ്റ്റീൽ പാലത്തിനായി പഞ്ചായത്ത് അധികൃതരും നാട്ടുകാരും നടത്തിയ പ്രതിഷേധം.<br><br>നിലവിലുള്ള പാലം പൊളിക്കുന്നതിന് കേരള ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ<br><br>താൽക്കാലിക സ്റ്റീൽ പാലത്തിന്റെ നിർമ്മാണം<br><br>തെരഞ്ഞെടുപ്പ് മാതൃക പെരുമാറ്റ ചട്ടം<br><br>നിലവിലുള്ള ചാനലിന്റെ സ്റ്റെബിലിറ്റിയെ ബാധിക്കാതെ 1 മീറ്റർ കട്ടിയുള്ള RCCഏപ്രൺ, പ്രീ കാസ്റ്റ് RCC പൈലുകൾ എന്നിവ പൊളിക്കേണ്ടി വന്നത്<br><br>തെക്ക് പടിഞ്ഞാറൻ മൺസൂൺ<br><br>പുതുക്കിയ എസ്റ്റിമേറ്റിന് IWAIയുടെ അനുമതി ലഭ്യമാകുന്നതിൽ വന്ന കാലതാമസം.<br><br>മേൽപ്പറഞ്ഞ കാരണങ്ങളാലാണ് പ്രവൃത്തി വൈകിയത്. |
| (ഡി) | പാലത്തിന്റെ നിർമ്മാണം വൈകുന്നത് കാരണം തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരദേശ നിവാസികൾ അനുഭവിക്കുന്ന പ്രതിസന്ധിയും, പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | തദ്ദേശവാസികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനായാണ് ജങ്കാർ സർവീസും അതോടൊപ്പം ഇരുചക്ര വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും യാത്ര സുഗമമാക്കുന്നതിന് വേണ്ടി പ്രത്യേക താൽക്കാലിക സ്റ്റീൽ നടപ്പാലവും നിർമ്മിച്ചു നൽകിയിട്ടുള്ളത്. |
| (ഇ) | തൃക്കുന്നപ്പുഴ പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | പാലത്തിന്റെ പുനർനിർമാണം പൂർത്തിയായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ